LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം ഫയർസ്റ്റേഷൻ നിർമ്മാണം

50 [134] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2004-2005-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പാലപ്പുറം എൻ. എസ്. എസ്. കോളേജിന് എതിർവശത്തായി സ്ഥലം നൽകാമെന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) ഒറ്റപ്പാലം ഫയർ സ്റ്റേഷന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക്, ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർസ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിൽ അഗ്നിശമനകേന്ദ്രം

51 [135] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഗ്നിശമന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ പാനൂർ പ്രദേശത്തെ കല്ലിക്കണ്ടിയിൽ അഗ്നിശമന കേന്ദ്രത്തിനു വേണ്ട ഭൂമി വിട്ടുതരാൻ തയ്യാറാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കല്ലിക്കണ്ടിയിൽ അഗ്നിശമന കേന്ദ്രം അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട 3 സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിന് നിലവിലുള്ള മുൻഗണനാ പട്ടികയിൽ കല്ലിക്കണ്ടി ഉൾപ്പെടുത്തിയിട്ടില്ല. ടി പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലവും സൗകര്യങ്ങളും സൗജന്യമായി ലഭ്യമാകുകയും ഫണ്ട് ലഭിക്കുകയും ചെയ്താൽ ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

അമ്പലപ്പുഴയിൽ ഫയർ സ്റ്റേഷൻ

52 [136] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിന് നിലവിലുള്ള മുൻഗണനാപട്ടികയിൽ അമ്പലപ്പുഴ ഉൾപ്പെടുത്തിയിട്ടില്ല. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലവും സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കുകയും ചെയ്താൽ ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം

53 [137] *ശ്രീ. തോമസ് ചാഴികാടൻ:*
„ *കെ. നാരായണക്കുറുപ്പ്:*
„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) ഈ സംവിധാനം എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly